# <u>വെള്ളവും വള്ളവും</u>

തൊടുപുഴ കെ ശങ്കർ മുംബൈ

വെള്ളത്തിലായിടാം വള്ളമെന്നാകിലും
വള്ളത്തിൽ വെള്ളം കടന്നുകൂടാ!
വള്ളത്തിൽ വെള്ളം നുഴഞ്ഞു കയറിയാൽ
വള്ളം നിമിഷം നിമഗ്നമാകും!

വള്ളത്തെ സന്തതം താങ്ങിപ്പിടിക്കുന്ന
വെള്ളമേ നിർദ്ദയം മുക്കിടുന്നു!
താങ്ങുന്ന വെള്ളമേയുള്ളിൽ കയറിയാൽ
താങ്ങുവാനാവാതെ മുങ്ങുമല്ലോ!

പോംവഴിയൊന്നുമേ കാണാതെ നൗകയും
പോയിടും നമ്മുടെ കണ്ണിൽ നിന്നും!
നിസ്സഹായർ ലോകർ വ്യാകുലരായ്നോക്കി
നില്കുകയല്ലാതെ എന്തു ചെയ്യും?

വള്ളത്തിലെ വെള്ളം തേകി കളയുവാൻ
വള്ളത്തെ മുങ്ങാതെ രക്ഷിക്കുവാൻ,
ആരേലുമിത്തിരി യുദ്യമിച്ചെന്നാകിൽ
ആ വള്ളം നിശ്ചയം രക്ഷപെടും!

ഭൗതിക ജീവിത സാഗര വീചിയിൽ
കൗതുകമേറെ നാം കാട്ടുകിലോ,
വെള്ളം കയറിയ വള്ളം പോൽ നമ്മളു-
മുള്ളതു ചൊന്നാൽ നിമഗ്നരാകും!

നാമുമൊരിത്തിരി ഇച്ഛിക്കിലീശ്വരൻ

നമ്മുടെ രക്ഷക്കായോടിയെത്തും!

ഭക്തിയും ജ്ഞാനവും വൈരാഗ്യമാർഗ്ഗവും

തക്ക സമയത്തിൽ കാട്ടിത്തരും!

................................